KOLLAM CITY
KOLLAM CITY POLICE
www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/

Dated : 29/ 05/ 2018

# KSFE ചിട്ടിതട്ടിപ്പ് പ്രതികൾ അറസ്റ്റിൽ.

കൊല്ലം : ജില്ലയിൽ വിവിധ KSFE ബ്രാഞ്ചുകളിൽ നിന്നും ചിട്ടിതുകയും ചിട്ടിയിൽ നിന്ന് ലോണും, വ്യകതിഗത വായ്പയും, വ്യാജ സാലറി സർട്ടിഫിക്കറ്റ് ഹാജരാക്കി തട്ടിപ്പ് നടത്തിയ സംഘത്തെ കൊല്ലം സിറ്റി ക്രൈം ബ്രാഞ്ച് അറസ്റ്റ് ചെയ്തു. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ക്ലാർക്കായ കെൻസി ജോൺസനാണ് മുഖ്യ സൂത്രധാരൻ. ഇയാൾ ബന്ധുക്കളേയും സുഹൃത്തുക്കളേയും ചേർത്താണ് ഈ തട്ടിപ്പ് നടത്തിയത്.



സോണി പി ജോൺ



ശരത് ഭദ്രൻ

വിവിധ ബ്രാഞ്ചുകളിൽ കെൻസി ജോൺസൺ ഉയർന്ന സലയുള്ള ചിട്ടിയ്ക്ക് ചേർന്നശേഷം ചിട്ടി ഷണം വാങ്ങുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാർ അല്ലാത്ത ഇയാളുടെ ഭാര്യയുടേയും സുഹൃത്തുക്കളുടേയും പേരിൽ വ്യാജമായി വേതന സർട്ടിഫിക്കറ്റും തയ്യാറാക്കി ഹാജരാക്കിയാണ് തട്ടിപ്പിന് തുടക്കമിട്ടത്. KSFE ൽ നിന്നും ഇത്തരം സർട്ടിഫിക്കറ്റിന്റെ ആധികാരികത ചോദിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലേയ്ക്ക് അയക്കുന്ന കത്തും തന്ത്രപരമായി കൈക്കലാക്കി വ്യാജസീലും ഒപ്പും ചാർത്തി മടക്കി അയച്ചിരുന്നതും കെൻസി ജോൺസനാണെന്ന് കണ്ടെത്തിയിരുന്നു. കൊല്ലം ഈസ്റ്റ്, വെസ്റ്റ്, അഞ്ചാലുംമൂട് കിളികൊല്ലൂർ, കൊട്ടിയം പാരിപ്പള്ളി എന്നീ സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഈ തട്ടിപ്പ് കേസ്സ് കൊല്ലം ഡിസ്ട്രിക് ക്രൈം ബ്രാഞ്ച് അസി.കമ്മീഷണർ എ. അശോകൻ ആണ് ഇപ്പോൾ അന്വേഷിക്കുന്നത്. അഭിലാഷ്, സനൽ എന്നീ പേരുകളിൽ കുണ്ടറ KSFE ബ്രാഞ്ചിൽ സമർപ്പിച്ച സർട്ടിഫിക്കറ്റിനെ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഫോണിൽ തിരക്കിയതിൽ ഇങ്ങനെ ജീവനക്കാർ ഈ ഓഫീസിൽ ജോലി നോക്കുന്നില്ലാ എന്ന് പറഞ്ഞതിൽ നിന്നാണ് ഈ കേസ്സിന് തുമ്പ് ഉണ്ടാകുന്നത്. ഈ കേസ്സിലെ മുഖ്യ സുത്രധാരകൻ കെൻസി ജോൺസനേയും ഭാര്യ ഷിജിയേയും നേരത്തേ അറസ്റ്റ് ചെയ്തിരുന്നു. തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിൽ കിളികൊല്ലൂർ വില്ലേജിൽ കന്നിമേൽ ചേരിയിൽ പ്രതീക്ഷാ നഗർ 112-ൽ സുധ ഭവനിൽ ഭദ്രൻ മകൻ ശരത് ഭദ്രൻ കിളികൊല്ലൂർ വില്ലേജിൽ കന്നിമേൽ ചേരിയിൽ സൗഹാർദ്ദ് നഗർ -19-ൽ ഡാനിയൽ പി.ജോൺ മകൻ സോണി പി ജോൺ, വടക്കേവിള വില്ലേജിൽ പട്ടത്താനം ചേരിയിൽ ഭാവന നഗർ 280-ൽ അനിതാ ഭവനിൽ ബാബു മകൻ അഭിലാഷ്, എന്നിവരെ കൊല്ലം റയിൽവേ സ്റ്റേഷൻ പരിസരത്ത് നിന്നും അറസ്റ്റ് ചെയ്തു.

ഈ കേസ്സിൽ ഒളിവിൽ കഴിയുകയായിരുന്ന മങ്ങാട് വില്ലേജിൽ ചാത്തനാംകുളം ചേരിയിൽ ജെ.എം.ജെ ഹൗസിൽ ജോൺസനെ കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. ഈ പ്രതിയുടെ അറസ്റ്റോട് കൂടി കോടിക്കണക്കിന് രൂപയുടെ തട്ടിപ്പിന്റെ ചുരുൾ അഴിഞ്ഞിരിക്കുകയാണ്.

ഒളിവിലുള്ള മറ്റ് പ്രതികൾക്കായി പോലീസ് അന്വേഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

കൊല്ലം സിറ്റി ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ എ.അശോകൻ , എസ്.ഐ മാരായ ധനപാലൻ, വിനോദ്.കെ, ബാലൻ, ഷെഫീക്ക്, അസി. സബ്ബ് ഇൻസ്പെക്ടർമാരായ സുരേഷ്കുമാർ, ഷാനവാസ് എന്നിവർ അടങ്ങിയ അന്വേഷണ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.